ഉത്തരം

(എ) ജീവനക്കാരുടെ പണിമുടക്കിനെ തുടർന്നുണ്ടാകുന്ന സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനാവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചിരുന്നു.

(ബി-ഇ) ഭൂരിപക്ഷം ജീവനക്കാരും പണിമുടക്കിയതിനെ തുടർന്ന് അന്നേ ദിവസം ക്യാന്റീൻ തുറന്ന് പ്രവർത്തിക്കുകയുണ്ടായില്ല.

പണിമുടക്കിൽ നടന്ന അനിഷ്ട സംഭവങ്ങൾ

77 (85) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 11-5-2000-ൽ സംസ്ഥാനത്ത് നടന്ന പണിമുടക്കിൽ എന്തെങ്കിലും അനിഷ്ടസംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എവിടെയെല്ലാം ;

(സി) എന്തെല്ലാം വിധത്തിലുള്ള അനിഷ്ട സംഭവങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) അന്ന് അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിരുന്നു ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിശദ വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(ഡി) അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രധാനപ്പെട്ട സർക്കാർ ആഫീസുകൾക്കും സ്ഥാപനങ്ങൾക്കും സംരക്ഷണം നൽകുകയും സെൻസിറ്റീവായ സ്ഥലങ്ങളിൽ പോലീസ് പിക്കറ്റുകളും ശക്തമായ പോലീസ് പട്രോളിംഗും ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ജോലിക്കു വരുന്നവർക്കും മറ്റും വേണ്ട സംരക്ഷണം ഏർപ്പെടുത്തിയിരുന്നു.

തിരുവനന്തപുരം സെൻട്രൽ ജയിലിലെ കഞ്ചാവ് കൃഷി

78 (86) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിൽ വളപ്പിൽ തടവുകാർ വാർഡൻമാരുടെ സഹായത്തോടെ കഞ്ചാവു ചെടി നട്ടുവളർത്തിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബന്ധപ്പെട്ട ജയിൽ ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ- സി) ഇത് സംബന്ധിച്ച് ഒരു പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ഒരു സംഭവും ഉണ്ടായിട്ടില്ലന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്.

തൃക്കരിപ്പൂർ ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം

79 (87) ശ്രീ. കെ. പി. സതിശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഈ കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അവസാനഘട്ട പണികൾ നടന്നു വരുന്നു.

(ബി) നടപ്പുവർഷാവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഫയർസ്റ്റേഷനുകൾ

80 (88) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫയർസ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ് ;

(ബി) ടെക്നോപാർക്ക്, എൽ.പി.ജി. ഗ്യാസ് റീഫില്ലിംഗ് സ്റ്റേഷൻ, സിനിമാശാലകൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കഴക്കൂട്ടത്ത് ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതാതു സ്ഥലത്തെ ജനസംഖ്യ, വ്യവസായശാലകൾ, സിനിമാശാലകൾ, മറ്റ് തീ അപായ സാധ്യതകൾ എന്നിവ കണക്കിലെടുത്താണ് പുതിയ ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നത്.

(ബി) ഇത് സംബന്ധിച്ച നിർദ്ദേശം ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

വർക്കല ഫയർസ്റ്റേഷന്റെ നിർമ്മാണ ജോലി

81 (89) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly